# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3567

20.06.2019 ൽ മറുപടിക്ക്

## ബാലഭാസ്കറിന്റെ അപകട മരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനിൽ അക്കര | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രമുഖ സംഗീതജ്ഞൻ ബാലഭാസ്കറിന്റെ അപകട മരണത്തിന് പിന്നിലുള്ള ദുരൂഹത നീക്കുവാൻ ഇതുമായി ബന്ധപ്പെട്ട അന്വേഷണ സംഘത്തിന് ഇതുവരെ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) സുപ്രസിദ്ധ വയലിനിസ്റ്റ് ബാലഭാസ്കറും ഭാര്യ ലക്ഷ്മിയും മകൾ തേജസ്വിനി ബാലയും സഞ്ചരിച്ച് വന്ന KL-01-BG-6622 ഇന്നോവ കാർ 25-09-2018 ന് പുലർച്ചെ 4.15 മണിയ്ക്ക് പള്ളിപ്പുറം CRPF ക്യാമ്പിന് സമീപം റോഡ് വക്കിലെ ഒരു മരത്തിൽ ഇടിച്ച് തേജസ്വിനി ബാല മരണപ്പെടുകയും ലക്ഷ്മിയ്ക്കും ബാലഭാസ്കറിനും ഡ്രൈവർ അർജ്ജുനും ഗുരുതര പരിക്ക് പറ്റുകയുമുണ്ടായി. ലക്ഷ്മിയുടെ സഹോദരൻ പ്രസാദിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ മംഗലപുരം പോലീസ് Cr.No.1591 u/s 279, 337, 338, 304(A) IPC പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. അപകടത്തിൽപ്പെട്ട വാഹനം സംഭവ സമയം ആരാണ് ഓടിച്ചിരുന്നത് എന്നതിനെപ്പറ്റി വ്യത്യസ്ത സാക്ഷിമൊഴികൾ ലഭിച്ചതിനാൽ പ്രസ്തുത കേസന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുത്ത് ക്രൈം.26/CB/TVPM/R/2019 ആയി രജിസ്റ്റർ ചെയ്ത് നടത്തുന്ന അന്വേഷണം പുരോഗമിച്ച് വരുന്നു. |
| (ബി) ബാലഭാസ്കറിന്റെ സംഗീത ട്രൂപ്പിന്റെ പ്രോഗ്രാം കോ-ഓർഡിനേറ്ററായിരുന്ന വ്യക്തിയേയും മറ്റൊരു മാനേജരെയും സ്വർണ്ണക്കടത്ത് കേസിൽ ഡി. ആർ. ഐ. അറസ്റ്റ് ചെയ്തത് പ്രസ്തുത അപകടത്തിന്റെ ദുരൂഹത വർദ്ധിപ്പിച്ചിട്ടുണ്ടോ; | (ബി) ബാലഭാസ്കറിന്റെ ട്രൂപ്പുമായി ബന്ധപ്പെട്ട 2 വ്യക്തികളെ സ്വർണ്ണക്കടത്ത് കേസിൽ DRI പ്രതിചേർത്ത് അന്വേഷിച്ച് വരികയാൽ ക്രൈംബ്രാഞ്ച് അന്വേഷണത്തിലിരിക്കുന്ന കേസിൽ ബാലഭാസ്കറിന്റെ മരണത്തിലേയ്ക്ക് നയിച്ച അപകടവുമായി ബന്ധപ്പെട്ടും അന്വേഷിച്ച് വരുന്നു. |

| | |
|---|---|
| (സി) മരണത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തണമെന്ന ബന്ധുക്കളുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ സമഗ്രവും കുറ്റമറ്റതുമായ അന്വേഷണം നടത്തുന്നതിനും മരണം സംബന്ധിച്ച ദുരൂഹത നീക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) ക്രൈംബ്രാഞ്ച്, കേസിന്റെ അന്വേഷണം ഏറ്റെടുത്ത് നാളിതുവരെ സമഗ്രവും, ക്രമാനുഗതവുമായ രീതിയിൽ അന്വേഷണം നടത്തിവരുന്നതും, ബാലഭാസ്കറിന്റെ ബന്ധുക്കളുടെ എല്ലാ സംശയങ്ങളും ദൂരീകരിച്ച് അന്വേഷണം മുന്നോട്ട് കൊണ്ടുപോകുകയുമാണ്. ശാസ്ത്രീയമായ എല്ലാ മാർഗ്ഗങ്ങളും അവലംബിച്ച് തെളിവുകൾ ശേഖരിച്ചിട്ടുള്ളതും, നിയമപരമായ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തി അന്വേഷണം ഊർജിതമായി തുടർന്ന് വരികയുമാണ്. |

സെക്ഷൻ ഓഫീസർ